# Malayala Manorama
# 20 August 2018
# Aroor, Flood, Rescue Operation



അസം റൈഫിൾസ് വയർലെസ് ഓപ്പറേറ്റർ അരൂർ മുക്കം സ്വദേശി വി.ജെ. ജെയിനും സംഘവും രക്ഷാപ്രവർത്തനം നടത്തുന്നു.

## സുരക്ഷയൊരുക്കി സൗഹൃദക്കൂട്ടം

അരൂർ • അസം റൈഫിൾസിലെ രക്ഷാഭടനും സംഘവും ജീവിതത്തിലേയ്ക്കു തിരികെ കൊണ്ടുവന്നത് 362 പേരെ. അസം റൈഫിൾസ് വയർലെസ് ഓപ്പറേറ്റർ അരൂർ മുക്കം സ്വദേശി വി.ജെ. ജെയ്, അവധിക്കു നാട്ടിലെത്തിയപ്പോഴാണു ദുരന്തവാർത്ത അറിയുന്നത്.

ഒട്ടും സംശയിക്കാതെയാണു ജെയ് തന്റെ കൂട്ടുകാരും മൽസ്യത്തൊഴിലാളികളുമായ കെ.ബി. സബീഷ്, കെ.പി. ബാബു, അനന്തു സഹദേവൻ, അജ്മൽദാസ് സുദേവ്, സജീഷ് അമ്പാടി എന്നിവരുമായി രണ്ടു വള്ളങ്ങളിൽ പുറപ്പെട്ടത്.

അത്യാവശ്യ സുരക്ഷയ്ക്കായി സുരക്ഷാ ഉപകരണങ്ങളും കരുതിയിരുന്നു.

പെരുമ്പാവൂർ, പാറപ്പുറം സൗത്ത് വല്ലം എന്നിവിടങ്ങളിൽ അകപ്പെട്ട ദുരിതബാധിതരെയാണു രക്ഷപ്പെടുത്തിയത്. വള്ളങ്ങൾ കൂട്ടിക്കെട്ടി ചങ്ങാടമാക്കി രണ്ടു ദിവസം നീണ്ടുനിന്ന നിരന്തര പ്രയത്നത്തിനൊടുവിലാണു കുടുങ്ങിക്കിടന്ന മുഴുവൻ പേരെയും ഇവർ കരയ്ക്കെത്തിച്ചത്.

സുരക്ഷാസേനയ്ക്കോ, പൊലീസിനോ, ഫയർ ഫോഴ്സിനോ എത്തിപ്പെടാൻ ആവാത്ത ദുർഘടം പിടിച്ച സ്ഥലത്തു നിന്നാണ് ഇവരെ ജീവിതത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നത്.